പതിമൂന്നാം കേരള നിയമസഭ
രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം: 4015

18/10/2011-ൽ മറുപടി നല്കേണ്ടത്

## മൂന്നാർ ട്രൈബ്യൂണൽ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ. കെ. ജയചന്ദ്രൻ | ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ (റവന്യൂ വകുപ്പ് മന്ത്രി) |
| (എ) മൂന്നാർ ട്രൈബ്യൂണൽ സ്ഥാപിച്ചതിന്റെ ഉദ്ദേശലക്ഷ്യം വിശദമാക്കാമോ; | (എ) മൂന്നാർ പ്രദേശത്തിൽപ്പെടുന്ന ചിന്നക്കനാൽ, കണ്ണൻദേവൻ മലനിരകൾ, ശാന്തൻപാറ, വെള്ളത്തൂവൽ, ആനവിലാസം, പള്ളിവാസൽ, ആനവിരട്ടി. ബൈസൺവാലി എന്നീ വില്ലേജുകളിലെ ഭൂമിയെ സംബന്ധിച്ച്, വിവിധ കോടതികളിലും മറ്റ് അധികാരസ്ഥാനങ്ങളിലും തീർപ്പാക്കാതെ നിലക്കുന്ന തർക്കങ്ങൾക്ക് തീർപ്പുകൽപ്പിക്കുക എന്ന ലക്ഷ്യത്തോടെയാണ് മൂന്നാർ സ്പെഷ്യൽ ട്രൈബ്യൂണൽ സ്ഥാപിച്ചിരിക്കുന്നത്. |
| (ബി) മൂന്നാർ ട്രൈബ്യൂണലിന് ഇതുവരെ ലഭിച്ചിട്ടുള്ള കേസുകളുടെ എണ്ണം എത്ര; ഇവയിൽ എത്ര എണ്ണം തീർപ്പാക്കി; | (ബി) വിവിധ കോടതികളിൽനിന്നും ലാന്റ് റവന്യൂ കമ്മീഷണറുടെ കാര്യാലയത്തിൽ നിന്നുമായി നാളിതുവരെ 121 കേസുകൾ ഈ ട്രൈബ്യൂണലിൽ ലഭിച്ചിട്ടുണ്ട്. ഇവയിൽ 4 എണ്ണത്തിൽ തീർപ്പ് കല്പിച്ചിട്ടുണ്ട്. |
| (സി) കേസുകളുടെ തീർപ്പാക്കൽ ഇഴഞ്ഞു നീങ്ങുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ തീർപ്പാക്കൽ ത്വരിതപ്പെടുത്തുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കും എന്ന് വ്യക്തമാക്കാമോ; | (സി) സർക്കാർ ഭാഗം വാദിക്കുന്നതിനുള്ള അഭിഭാഷകരെ നാളിതുവരെ നിയമിക്കാത്തതുകൊണ്ടും ആവശ്യത്തിന് ജീവനക്കാരെ ലഭിക്കാത്തതുകൊണ്ടും കേസുകളുടെ തീർപ്പാക്കൽ ത്വരിതഗതിയിൽ നടക്കുന്നില്ല എന്നു പറയാവുന്നതാണ്. ഇതിനുള്ള പരിഹാരനടപടികൾ പരിശോധിച്ചുവരുന്നു. |
| (ഡി) നിലവിൽ മൂന്നാർ സ്പെഷ്യൽ ട്രൈബ്യൂണലിൽ ആവശ്യമായ ഉദ്യോഗസ്ഥർ ഇല്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ഡി) ഉണ്ട് |
| (ഇ) മൂന്നാർ ട്രൈബ്യൂണലിൽ ആകെ എത്ര തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട് എന്നും ഈ തസ്തികകളിലെ ഉദ്യോഗസ്ഥരുടെ നിയമന രീതിയും വ്യക്തമാക്കാമോ? | (ഇ) മൂന്നാർ സ്പെഷ്യൽ ട്രൈബ്യൂണലിൽ വിവിധയിനം ജീവനക്കാരുടെ 38 തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. ഇവയിൽ ഒരു പാർട്ട്ടൈം സ്വീപ്പർ/സാനിട്ടേഷൻ വർക്കർ തസ്തിക ഒഴിച്ച് ബാക്കിയെല്ലാംതന്നെ ജുഡീഷ്യറിയിൽ നിന്നും വിവിധ സർക്കാർ വകുപ്പുകളിൽ നിന്നുമുള്ള ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ നിയമനം നടത്താനുദ്ദേശിച്ചിട്ടുള്ളവയാണ്. |

സെക്ഷൻ ഓഫീസർ